പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2913

15.12.2015 ൽ മറുപടിയ്ക്ക്

## നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് നേടിയ കോഴിക്കോട് വളയം ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് തുക നൽകാൻ ബാക്കിയുണ്ടെന്ന് വിശദമാക്കുമോ;<br>(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക നൽകാതിരുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;<br>(സി) പ്രസ്തുത തുക എപ്പോൾ നൽകും എന്ന് വ്യക്തമാക്കുമോ? | (എ), (ബി), & (സി) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിൽ (എം.എച്ച്.ആർ.ഡി) നിന്നും നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് തുക അർഹരായ കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡി.ബി.റ്റി മുഖേന നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. കുട്ടികളുടെ ബാങ്ക് അക്കൗണ്ട് നമ്പരിലെ പിഴവുകൾ മൂലമാണ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് ഡി.ബി.റ്റി മുഖേന സ്കോളർഷിപ്പ് തുക നിക്ഷേപിക്കുവാൻ സാധിക്കാത്തത്. ശരിയായ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ എം.എച്ച്.ആർ.ഡിയെ അറിയിക്കുകയും അതുവഴി സ്കോളർഷിപ്പ് തുക ലഭ്യമാക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ